
# നന്മ

കുട്ടികളുടെ ക്രിസ്തീയ ത്രൈമാസിക

• വാല്യം 9 • ലക്കം 1
ജനുവരി 2025



For Private Circulation only

CHURCH OF GOD IN INDIA KERALA STATE
SUNDAY SCHOOL
DEPARTMENT

A CHURCH OF GOD KERALA STATE
SUNDAY SCHOOL DEPARTMENT PUBLICATION

www.cogsundayschool.org | Email: cgisundayschool@gmail.com



# നേർവഴിയിൽ നൂറുവർഷം

ഏറ്റവും സ്നേഹമുള്ള സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ക്രിസ്തുയേശുവിൽ വന്ദനം. റോബർട്ട് എഫ്. കുക്ക് എന്ന മഹാനായ മിഷനറി മുളക്കുഴ സീയോൻ കുന്നിൽ തുടക്കമിട്ട ദൈവസഭാ സൺഡേസ്കൂൾ പ്രസ്ഥാനം 100 വർഷം പൂർത്തിയാക്കുകയാണ്. അമേരിക്കയിലെ സുഖസൗകര്യങ്ങൾ വെടിഞ്ഞ് ഇന്ത്യയിലെത്തിയ അദ്ദേഹം, നിത്യനരകത്തിലേക്കു പോകുന്ന നാളെയുടെ വാഗ്ദാനങ്ങളെ കർത്താവിനായി നേടുകയെന്ന ലക്ഷ്യത്തോടെയാണ് സൺഡേസ്കൂളിനു തുടക്കം കുറിച്ചത്. ചെറിയ ആരംഭങ്ങളെ വലിയ സംരംഭങ്ങളാക്കുന്ന ദൈവം ഒരു നൂറ്റാണ്ട് നമ്മെ നടത്തിയതിനു സ്തോത്രം ചെയ്യുന്നു. നാളിതുവരെ സൺഡേസ്കൂൾ പ്രസ്ഥാനത്തിനു ശക്തമായ നേതൃത്വം നൽകിയ പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ബോർഡ് അംഗങ്ങൾ, അദ്ധ്യാപകർ എന്നിവരെയെല്ലാം നന്ദിയോടെ ഓർക്കുന്നു. സൺഡേസ്കൂൾ പഠനം പൂർത്തിയാക്കിയ കുട്ടികളെ അഭിനന്ദിക്കുകയും ചെയ്യുന്നു.

ഇതര പെന്തക്കോസ്ത് സഭകളും അനുകരിക്കുന്ന വിധത്തിൽ മാതൃകാപരമായാണു നമ്മുടെ സൺഡേസ്കൂൾ പ്രസ്ഥാനം മുന്നേറുന്നത്. കാലോചിതമായ രീതിയിലുള്ള ക്യാംപുകൾ, വ്യത്യസ്തമായ സെമിനാറുകൾ, അദ്ധ്യാപക ട്രെയിനിങ്ങുകൾ, പിറ്റിഎ മീറ്റിംഗുകൾ, താലന്തുപരിശോധന, മികച്ച പാഠ്യപദ്ധതി തുടങ്ങിയവ നമ്മുടെ സൺഡേസ്കൂളിന്റെ പ്രത്യേകതകളാണ്. കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ വായിക്കുവാൻ പ്രാപ്തരാക്കിയും, ലഹരിവസ്തുക്കൾക്കെതിരായ ബോധവൽക്കരണം നൽകിയും, യോഗ്യമല്ലാത്ത ബന്ധങ്ങൾ ബന്ധനങ്ങളാണെന്ന തിരിച്ചറിവു പകർന്നുമൊക്കെ ഭാവിതലമുറയെ നേർവഴിയിൽ നയിക്കുവാൻ സൺഡേസ്കൂൾ പ്രസ്ഥാനം മുൻനിരയിലുണ്ട്.

അക്ഷരനഗരിയായ കോട്ടയത്ത് സി.എസ്.ഐ. റിട്രീറ്റ് സെന്ററിൽ ഡിസംബർ 26 മുതൽ 28 വരെ നടന്ന സൺഡേസ്കൂൾ സംസ്ഥാന ക്യാംപ് വിദ്യാർത്ഥികളുടെ നിറഞ്ഞ പങ്കാളിത്തത്താലും ദൈവസാന്നിധ്യംകൊണ്ടും വേറിട്ടതായി. ചില കുഞ്ഞുങ്ങൾ രക്ഷിക്കപ്പെടാനും പലരും പരിശുദ്ധാത്മാഭിഷേകം പ്രാപിക്കാനും അനേകർ സുവിശേഷവേലയ്ക്കു സമർപ്പിക്കാനും ഇടയായി. പങ്കെടുത്ത എല്ലാ കുട്ടികളെയും അഭിനന്ദിക്കുന്നു.

ജനുവരി 2ന് നിലമ്പൂർ പാലുണ്ട സഭയിൽ നടന്ന മലബാർ സൺഡേസ്കൂൾ റിട്രീറ്റ് വളരെ അനുഗ്രഹമായിരുന്നു. ആത്മീകജീവിതത്തെ ഒന്നുകൂടി പുതുക്കാൻ കുട്ടികൾക്കും മാതാപിതാക്കൾക്കും കഴിഞ്ഞു.

മുളക്കുഴയിലെ സഭാ ആസ്ഥാനത്തു നടന്ന താലന്തുപരിശോധനയിൽ പങ്കെടുത്തവർക്കും വിജയിച്ചവർക്കും അഭിനന്ദനങ്ങൾ നേരുന്നു. ഈ ലോകം വിജയികളുടേതു മാത്രമല്ല. തോറ്റവരുടേതുകൂടിയാണ്, തോറ്റു വിജയിച്ചവരുടേത്. അതിനാൽ, വിജയിച്ചില്ലല്ലോ എന്നോർത്തു നിരാശപ്പെടാതെ കഴിഞ്ഞ മത്സരത്തിലെ പാഠങ്ങൾ കൂടി ഉൾക്കൊണ്ട് കൂടുതൽ തയാറെടുപ്പോടെ അടുത്തതവണ വിജയം നേടാനായി ഒരുങ്ങുക.

വിദ്യാർത്ഥിജീവിതത്തിലെ നിർണായകമായ ആഴ്ചകളും ദിവസങ്ങളുമാണ് ഇനി വരുന്നത്. സ്കൂൾ വാർഷിക പരീക്ഷയും ബോർഡ് പരീക്ഷയും അടുത്തുവരികയാണല്ലോ. നന്നായി പഠിക്കുക, ആത്മവിശ്വാസത്തോടെ ചോദ്യങ്ങളെ നേരിടുക, മികച്ച വിജയം നിങ്ങളെ തേടിയെത്തും. എല്ലാവർക്കും വിജയാശംസകൾ.

2024 നമ്മെ വിട്ടു കടന്നുപോയി. 2025ലേക്കു പ്രവേശിക്കാൻ ദൈവം നമുക്ക് ഭാഗ്യം തന്നു. സംവത്സരത്തെ നന്മകൊണ്ട് അലങ്കരിക്കുന്ന ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ഊഷ്മളമായ പുതുവത്സരാശംസകൾ നേരുകയും ചെയ്യുന്നു.



ക്രിസ്തുവിൽ നിങ്ങളുടെ,
**പാസ്റ്റർ വി.പി. തോമസ്**
*(സൺഡേസ്കൂൾ സ്റ്റേറ്റ് പ്രസിഡന്റ്)*

നന്മ
കുട്ടികളുടെ ക്രിസ്തീയ ത്രൈമാസിക
വാല്യം 9 ലക്കം 1
2025 ജനുവരി

# ശതാബ്ദി നിറവിൽ
## ചർച്ച് ഓഫ് ഗോഡ് സൺഡേസ്കൂൾ!

ആയിരക്കണക്കിന് കുട്ടികൾക്ക് ക്രിസ്തു മാർഗമോതിയ സൺഡേസ്കൂൾ എന്ന മഹാപ്രസ്ഥാനം ചർച്ച് ഓഫ് ഗോഡിൽ സ്ഥാപിതമായിട്ട് 100 വർഷങ്ങൾ തികയുകയാണ്. കേരള പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾക്ക് അടിസ്ഥാന ശില പാകിയ മിഷണറി വര്യൻ റോബർട്ട് ഫെലിക്സ് കുക്ക് കേരളത്തിൽ മദ്ധ്യതിരുവിതാകൂർ ആസ്ഥാനമായി പ്രവർത്തനമാരംഭിക്കുന്ന സമയങ്ങളിൽ തന്നെ കുഞ്ഞുങ്ങളുടെ ഇടയിലെ ശുശ്രൂഷകളും ആരംഭിച്ചിരുന്നു.

ചെങ്ങന്നൂർ പുത്തൻകാവ് ആലുംമൂട്ടിൽ പാസ്റ്റർ ടി. എം. വർഗീസ് 1925-ൽ സൺഡേസ്കൂളിന്റെ പ്രഥമ സെക്രട്ടറിയായി നിയമിതനായി. പാസ്റ്റർ കുക്കിന്റെ ഓഫീസ് സെക്രട്ടറിയായും അദ്ദേഹം ഈ കാലങ്ങളിൽ പ്രവർത്തിച്ചു. 1931 വരെ പാസ്റ്റർ ടി.എം. വർഗീസ് ആയിരുന്നു സൺഡേ സ്കൂളിന്റെ സെക്രട്ടറി. 1973 ഗോൾഡൻ ജൂബിലിയോട് അനുബന്ധിച്ച് ദൈവസഭ പുറത്തിറക്കിയ 'ദൈവസഭ പിന്നിട്ട 50 വർഷങ്ങൾ' എന്ന പുസ്തകത്തിൽ 31,34 പേജുകളിൽ ഇതിനെക്കുറിച്ചുള്ള പരാമർശങ്ങൾ ഉണ്ട്. തുടർന്ന് എ.സി മാമൻ, വി.ജെ വർഗീസ്, പി.വി തോമസ് എന്നിവർ സെക്രട്ടറിമാരായി സേവനമനുഷ്ഠിച്ചു. 1963 മുതൽ 1971 വരെ പാസ്റ്റർ സി. കെ ജോൺ സൺഡേസ്കൂൾ സെക്രട്ടറിയായി നിയമിതനായി. 1972 മുതൽ യൂത്ത് ഡയറക്ടർക്ക് സൺഡേ സ്കൂളിന്റെ അധിക ചുമതല നൽകി വന്നു. എന്നാൽ 1995 മുതൽ പാസ്റ്റർ പി. എ. വി. സാമിന്റെ കാലത്ത് സൺഡേസ്കൂളിന് ബോർഡ് നിലവിൽ വരികയും കാലാകാലങ്ങളിൽ പ്രസിഡണ്ടിനെയും സെക്രട്ടറിയെയും സഭാ നേതൃത്വം നിയമിച്ച് ഇന്നു വരെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോവുകയും ചെയ്യുന്നു.

കേരള പെന്തക്കോസ്ത് സൺഡേസ്കൂൾ ചരിത്രത്തിൽ ആദ്യമായി ശതാബ്ദി ആഘോഷിക്കുന്ന ചർച്ച് ഓഫ് ഗോഡ് സൺഡേസ്കൂൾ പ്രസ്ഥാനം വിവിധങ്ങളായ കർമ്മപദ്ധതിയോടെ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ആഗ്രഹിക്കുകയാണ്. 'ക്രിസ്തു കേന്ദ്രീകൃത സൺഡേസ്കൂൾ, ബാലസൗഹൃദ സഭ' എന്നതാണ് നമ്മുടെ ജൂബിലി മുദ്രാവാക്യം. ഏവരുടെയും പ്രാർത്ഥനാ നിർഭരമായ സഹകരണം പ്രതീക്ഷിക്കുന്നു.

**പാസ്റ്റർ സാലു വർഗീസ്**
*സൺഡേസ്കൂൾ സ്റ്റേറ്റ് സെക്രട്ടറി*

*വിലാസം:*
നന്മ, സൺഡേസ്കൂൾ
ഡിപ്പാർട്ട്മെന്റ്,
മൗണ്ട് സിയോൻ,
മുളക്കുഴ 689 505



അങ്കിൾബി എഴുതുന്നു...

# ചെറിയ കാര്യങ്ങൾ അത്ര ചെറുതല്ല!



ഇന്ന് അങ്കിൾ നിങ്ങളോട് വളരെ സവിശേഷതയേറിയ ഒരു പാഠമാണ് പറയുന്നത്. ബട്ടർഫ്ളൈ എഫക്ട് എന്ന് കൂട്ടുകാർ കേട്ടിട്ടുണ്ടോ?

ചെറിയ ചിത്രശലഭത്തിന്റെ ചിറകടി ഒരു വലിയ കൊടുങ്കാറ്റിന് കാരണമാകാം എന്നതാണ് ഈ പ്രതിഭാസം (Butterfly Effect in Chaos). ചെറുതായി തോന്നുന്ന പല കാര്യങ്ങൾക്കും വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയും. നിസാരമായി കരുതുന്ന പല കാര്യങ്ങളും പിന്നീട് വളരെ പ്രാധാന്യമുള്ളതായി മാറാറുണ്ട്. നമ്മുടെ ജീവിതത്തിലും ഇങ്ങനെയുള്ള അനവധി അനുഭവങ്ങൾ കണ്ടിട്ടില്ലേ?

ദാവീദിന്റെയും ഗോല്യാത്തിന്റെയും കഥ നമുക്ക് വളരെ പരിചിതമാണ്. മല്ലനായ ഗോല്യാത്ത് ചെറിയ ദാവീദിനെ നിസാരനായി കണ്ടു. ഗോല്യാത്തിനെതിരെ പോരാടാൻ ദാവീദിന്റെ കൈയ്യിൽ ഉണ്ടായിരുന്നത് ഒരു ചെറിയ കവിണയും അഞ്ചു കല്ലും മാത്രമായിരുന്നു. എന്നാൽ ദൈവം ദാവീദിന്റെ ആ ചെറിയ പരിശ്രമത്തെ വലുതാക്കി. ആ ചെറിയ കല്ല് ഒരു ഭീമനെ തകർക്കാൻ കാരണമായപ്പോൾ, അത് ദാവീദിന്റെ വിശ്വാസത്തിനും ദൈവത്തിന്റെ ശക്തിക്കും തെളിവായി മാറി.


അതുപോലെ, ഭക്തനായ അബ്രഹാം പിതാവിന്റെ ജീവിതത്തിൽ സംഭവിച്ച ഒരു ചെറിയ പിഴവിന്റെ കഥയും സമാനമാണ്. ദൈവം കല്പിച്ചതു പോലെ അബ്രഹാം ആടുകളേയും പശുക്കിടാവിനെയും പക്ഷികളെയും യാഗമർപ്പിക്കുവാൻ കൊണ്ടുവന്നു. പശുക്കിടാവിനെയും ആടുകളെയും രണ്ടായി മുറിച്ചു യാഗമർപ്പിച്ചു. പക്ഷെ ചെറിയ പക്ഷികളെ താൻ മുറിച്ചില്ല. ഇത് ദൈവത്തിനു ഇഷ്ടക്കേടായി. യിസ്രായേൽ മക്കൾ അടിമദേശത്ത് പാർക്കുവാൻ അത് കാരണമാകുകയും ചെയ്തു.

യേശു പറഞ്ഞ ഉപമയിൽ 99 ആടിനെ വിട്ടിട്ട് കാണാതെ പോയ ഒന്നിനെ തിരഞ്ഞു പോയ ഇടയനും നമുക്ക് ഉദാഹരണമാണ്. ഒരു ചെറു ബാലകന്റെ കൈയിൽ ഇരുന്ന അഞ്ച് അപ്പം അയ്യായിരം പേർക്ക് ആഹാരമുണ്ടാകുവാൻ കാരണമായില്ലേ?


വേദപുസ്തകത്തിൽ ഒരു വാക്യം ഇങ്ങനെയാണ് : "അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ" (ലൂക്കോസ് 16:10). മറ്റൊരു വാക്യത്തിൽ ഇങ്ങനെ കാണുന്നു 'നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും' (മത്തായി 25:21).

നമ്മുടെ ജീവിതത്തിൽ ദൈവം പ്രതീക്ഷിക്കുന്നതും ഇത് തന്നെയാണ്. ചെറുതായി തോന്നുന്ന കാര്യങ്ങൾ എത്രയും ശ്രദ്ധയോടെ ചെയ്യണം. ഒരു ചെറിയ പുഞ്ചിരി, ഒരു സ്നേഹ വാക്ക്, ഒരു സഹായം എന്നിവ മറ്റുള്ളവരുടെ ഹൃദയങ്ങളിൽ വലിയ മാറ്റങ്ങൾക്ക് കാരണമാകും. യേശു പഠിപ്പിച്ച കഥകളിൽ, ഒരു വിധവയുടെ രണ്ട് ചെറുകാശുകൾ ദൈവത്തിന് എത്ര വിലപ്പെട്ടതാണെന്ന് കാണിക്കുന്നു. ചെറുതായി തോന്നുന്ന കാര്യങ്ങൾ സ്നേഹത്തോടെയോ വിശ്വാസത്തോടെയോ ചെയ്യുമ്പോൾ, അവ ഒരിക്കലും ചെറുതായിരിക്കില്ല.

ദൈവം നമ്മുടെ പൂർണ്ണമനസ്സോടെയുള്ള പ്രവർത്തികളെ വളരെ വിലമതിക്കുന്നു. അതുകൊണ്ട്, നമ്മുടെ ജീവിതത്തിൽ ഉള്ള പ്രവർത്തനങ്ങൾ ചെറുതാണെങ്കിലും സ്നേഹത്തോടും ദൈവവചനത്തിന്റെ അനുസരണത്തോടും നടത്തണം. ശലഭം ചിറകടിക്കുന്നത് പ്രപഞ്ചത്തെ വിറപ്പിക്കുമെങ്കിൽ, ദൈവം നമുക്ക് നൽകുന്ന ഓരോ അവസരവും എത്രയും ശ്രദ്ധയോടെ കൈകാര്യം ചെയ്യുക, വിശ്വാസത്തിൽ വളരുക എന്നത് നമ്മുടെ കടമയാണ്.


നന്ദി
ഒരിക്കൽ ഒരാൾ സ്വർഗ്ഗത്തിലെത്തിയ സ്വപ്നം കണ്ടു, കൂടെ ഒരു മാലാഖയേയും.
വരൂ.. ചില കാഴ്ചകൾ കാണാം,
ഹായ്... എത്ര മനോഹരം....!
ഈ വാതിൽ കടന്ന് പോകാം..
സന്തോഷം.
അവർ ഒരു മുറിയിലെത്തി...അവിടെയുള്ളവർ തിരക്കിട്ട ജോലിയിലാണ്.
എന്താ ഇത്ര തിരക്ക്
ഇതാണ് ഇവിടെ ഏറ്റവും തിരക്കുള്ള മുറി ഇവിടെ പ്രാർത്ഥനകൾ സ്വീകരിക്കുന്ന സ്ഥലമാണ്.


പിന്നീട് മറ്റൊരു മുറിയിലെത്തി.
ഇവിടെയും നല്ല തിരക്കാണല്ലോ..?
ഇവിടെയാണ് പ്രാർത്ഥനകൾ തരം തിരിക്കുന്ന സ്ഥലം
അത്യാവശ്യമുള്ളവ ആദ്യം ദൈവസന്നിധിയിൽ എത്തും.
അതു കൊള്ളാമല്ലോ..
ഇനി അടുത്ത മുറിയിൽ പോകാം!
ദൈവം പ്രാർത്ഥനകൾക്ക് നല്കുന്ന മറുപടിയും, അനുഗ്രഹവും


പിന്നീട് മറ്റൊരു മുറിയിലെത്തി.
ഇവിടെ വിജനമാണല്ലോ..
ദാ.. ഒരാൾ ഇരിപ്പുണ്ട്.
കണ്ടു. എന്നാലും ഈ മുറിയിൽ ജോലിത്തിരക്കില്ല.
ഇവിടെ ഏറ്റവും തിരക്കു കുറഞ്ഞ, സ്ഥലം ഇതാണ്.
എന്താണ് ഈ മുറിയിലെ ജോലി
ദൈവാനുഗ്രഹം ലഭിച്ചവർ നന്ദി അയയ്ക്കുന്ന സ്ഥലമാണ്.
ഹോ... നന്ദിയില്ലാത്ത മനുഷ്യർ..!
കൂട്ടുകാരേ.. ദൈവം തന്നിട്ടുള്ള നന്മകൾക്ക് നമ്മളിൽ എത്ര പേർ നന്ദി പറയുന്നുണ്ടാവും?

# ദുരന്തങ്ങൾ നമുക്ക് പാഠമാകുമോ?

**ഹെപ്സിബാ സാറാ അലക്സ്**
*വാര്യാപുരം*

മനുഷ്യന്റെ പ്രവർത്തികൾ മൂലമാണ് പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്നത്. പ്രകൃതിലോല പ്രദേശങ്ങളിൽ കെട്ടിടങ്ങൾ പണിയുക, മല ഇടിച്ചു നിരത്തുക, മരം വെട്ടുക തുടങ്ങിയവ എല്ലാം നാം ചെയ്യുമ്പോൾ പ്രകൃതി തിരിച്ചും പകരം ചോദിക്കുകയാണ്. വയനാട്ടിൽ നാശം വിതച്ചപ്പോൾ എത്ര മനുഷ്യർ വീടുകൾ, ബന്ധങ്ങൾ, അവസരങ്ങൾ നഷ്ടപ്പെട്ടു. ഇവയൊക്കെ ഇനി തിരിച്ചു കിട്ടുമോ? ഒരുപാട് പേരുടെ സഹായങ്ങൾ ഒരു ഉയർത്തെഴുന്നേല്പിന് വഴി ഒരുക്കുമോ?

**സഹായങ്ങൾ എങ്ങനെയെല്ലാം?**

കാരുണ്യ പ്രവർത്തങ്ങളിലൂടെ... വീട്... ഗൃഹോപകരണങ്ങൾ തുടങ്ങിയവ നൽകുക. കേരളത്തിൽ പല വീടുകളും അടഞ്ഞു കിടക്കുകയാണ്. വിദേശത്ത് ജോലിയുള്ളവരുടെ വീടുകളൊക്കെ പാർപ്പാൻ ആളില്ലാത്ത അവസ്ഥയിലാണ്. ഇവയൊക്കെ എല്ലാം നഷ്ടപ്പെട്ട ദുരിത ബാധിതർക്ക് അൽപ ആശ്വാസത്തിനായി തുറന്നു കൊടുക്കണം.

**സാമ്പത്തിക സഹായങ്ങൾ ചെയ്യുക...**

ഉപജീവന മാർഗം കൂടിയാണ് ദുരിതത്തിലൂടെ അവർക്ക് അന്യമായിരിക്കുന്നത്. ഇങ്ങനെയുള്ളവർക്ക് ധനം ശേഖരിച്ചു നൽകുവാൻ കഴിയണം.

**ദൈവ വചനത്തിലൂടെ**

സമ്പത്തും പാർപ്പിടവും നൽകുന്നത് ഏറെ നല്ല കാര്യമാണ്. അവരുടെ മനസിനെ പുതുക്കുന്ന ദൈവ വചനവുമായി എത്തുവാനുള്ള വേദിയും ഒരുക്കപ്പെടേണം. അത് പ്രതിസന്ധികളെ തരണം ചെയ്യുവാനുള്ള കെൽപ് നൽകും. ഇതുവരെ അദ്ധ്വാനിച്ചതിന്റെ ഫലമായ വിദ്യാഭ്യാസ രേഖകൾ... തൊഴിൽ സർട്ടിഫിക്കറ്റുകൾ തുടങ്ങിയ വിലപ്പെട്ടവ നഷ്ടപ്പെട്ടവർക്ക് മനസ് തളർന്ന അവസ്ഥ വന്നു ചേരാം. അവരെ തളർച്ചയിൽ നിന്ന് തിരികെ കയറ്റുവാൻ ആത്മീക ഉപദേശങ്ങൾക്കു കഴിയും. യേശുവിന്റെ രക്ഷാ വചനങ്ങൾ അവരിലേക്ക് എത്തിക്കുമ്പോൾ അത് അവരുടെ ആത്മാവിന് പുതുജീവനായി തീരും. ദൈവത്തിലുള്ള പ്രത്യാശ കൈവരിക്കപ്പെടുന്നതാണ് ഏറ്റവും ഭാഗ്യമായത് എന്നുള്ള അറിവ് അവരെ പുത്തൻ ഉണർവിലേക്ക് നയിക്കും. അതിന് ദൈവ സഭയ്ക്ക് ദൗത്യമുണ്ട്. അതിൽ നാം മുന്നേറണം. ●

*(സംസ്ഥാന താലന്തു പരിശോധനയിൽ ഉപന്യാസത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കൃതി)*



# ബാലശിക്ഷ

ഒരുവയസ്സുമുതൽ ബെസ്സിയാമോൾ കേട്ട് വളർന്ന പാട്ടാണ് 'തല്ലിയെന്നെ നോവിച്ചാലും പപ്പയ്ക്കുണ്ട് സ്നേഹം നുള്ളി വേദനിപ്പിച്ചാലും മമ്മിയ്ക്കുണ്ട് സ്നേഹം ' ഇപ്പോൾ അവൾക്ക് പ്രായം പന്ത്രണ്ട് വയസ്സ്..കാട്ടുന്ന കുസൃതിക്കും മേടിക്കുന്ന വഴക്കിനും ഇപ്പോഴും കുറവൊന്നുമില്ല

കുസൃതിയും, അനുസരണക്കേടുമൊക്കെ കാട്ടി മാതാപിതാക്കളുടെ ശകാരവും ശിക്ഷയും ഏറ്റുവാങ്ങുമ്പോൾ എങ്ങനെയാണ് നിങ്ങൾ സാധാരണ പ്രതികരിക്കാറുള്ളത്. ദേഷ്യം, സങ്കടം, നിരാശ, വൈരാഗ്യം ചില കൂട്ടുകാർക്കെങ്കിലും ഇത്തരം തെറ്റായ പ്രതികരണങ്ങൾ ഉണ്ടാവാറുണ്ട്.

എന്നാൽ എന്തിനാണ് നിങ്ങളുടെ പപ്പയോ മമ്മിയോ നിങ്ങളെ ശിക്ഷിക്കുന്നത് എന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

നിങ്ങളോട് അവർക്ക് വിരോധമുള്ളത് കൊണ്ടാണോ....,? ഒരിക്കലുമല്ല.. സ്നേഹമുള്ളത് കൊണ്ടാണ്. നിങ്ങളെ ശിക്ഷിച്ചു ചീത്തയാക്കാനാണോ?.. അല്ല... നിങ്ങളുടെ തെറ്റുകൾ തിരുത്തി നിങ്ങളെ നല്ലവരായി വളർത്തുവാൻ...

നിങ്ങൾക്കറിയാമോ, മക്കളെ ശിക്ഷിച്ചു വളർത്തണമെന്നത് ദൈവത്തിന്റെ കല്പനയാണ്. ശിക്ഷിക്കാത്ത മാതാപിതാക്കൾ യഥാർത്ഥത്തിൽ ദൈവ കല്പന ലംഘിക്കുന്നവരാണ്, ഇനി പറയുന്ന ബൈബിൾ വാക്യങ്ങൾ നിങ്ങൾ ഒന്ന് ശ്രദ്ധിക്കണം.. കഴിയുമെങ്കിൽ മനഃപാഠമാക്കുന്നത് നല്ലതാണ്.

ബാലന് ശിക്ഷ കൊടുക്കാതിരിക്കരുത്. വടി കൊണ്ടടിച്ചാൽ അവൻ ചത്തുപോകയില്ല (സദൃശ്യ. 23:13)

വടിയും ശാസനയും ജ്ഞാനത്തെ നൽകുന്നു തന്നിഷ്ടത്തിനു വിട്ടിരിക്കുന്ന ബാലനോ അമ്മയ്ക്ക് ലജ്ജ വരുത്തുന്നു (സാദൃശ്യ. 29:15).

നിന്റെ മകനെ ശിക്ഷിക്ക അവൻ നിനക്ക് ആശ്വാസമായിത്തീരും അവൻ നിന്റെ മനസ്സിന് പ്രമോദം വരുത്തും (സദൃശ്യ. 29:17).

ബാലന്റെ ഹൃദയത്തോട് ഭോഷത്വം പറ്റിയിരിക്കുന്നു ശിക്ഷയ്ക്കുള്ള വടി അതിനെ അവനിൽ നിന്നും അകറ്റി കളയും (സദൃശ്യ. 22:15).

വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകയ്ക്കുന്നു, അവനെ സ്നേഹിക്കുന്നവനോ ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു (സദൃശ്യ. 13:24).

ഇനി നിങ്ങൾ പറയൂ.. ശിക്ഷ ആവശ്യമോ അല്ലയോ? തീർച്ചയായും ആവശ്യമാണ്. അതുകൊണ്ടാണല്ലോ നമ്മെ സൃഷ്ടിച്ചിരിക്കുന്ന ദൈവം അങ്ങനെ കല്പിച്ചിരിക്കുന്നത്.

മക്കളെ ശിക്ഷിക്കാതെ വളർത്തിയ ഒരു വലിയ ദൈവദാസന്റെ കഥ കൂടി പറഞ്ഞു അവസാനിപ്പിക്കാം.

പണ്ടൊരിക്കൽ ഏലി എന്നൊരു പുരോഹിതൻ ജീവിച്ചിരുന്നു. അദ്ദേഹത്തിന് രണ്ടു മക്കൾ, ഹൊഫ്നിയും ഫിനഹാസും അവർ മഹാ കുസൃതികളായാണ് വളർന്നുവന്നത്.പിള്ളേരല്ലേ കുഞ്ഞുങ്ങളല്ലേ പിന്നെ ശരിയായിക്കൊള്ളും എന്ന് പറഞ്ഞ് ഏലി അപ്പച്ചൻ അ



വരെ ഒട്ടും ശിക്ഷിച്ചതുമില്ല.അവർ വളർന്നു വലുതായി. പക്ഷെ അപ്പച്ചൻ വിചാരിച്ചതുപോലെ അവർ ശരിയായ വഴിയിൽ വന്നില്ല. ദൈവീക കാര്യങ്ങളെ കളിയായി കണ്ടും ദൈവത്തിനിഷ്ടമില്ലാത്ത കാര്യങ്ങൾ ചെയ്തും അവർ ദുഷ്ടന്മാരായി ജീവിച്ചു. എന്നിട്ട് എന്ത് സംഭവിച്ചു എന്നറിയണോ?

ഹൊഫ്നിയും ഫിനഹാസും ഒരേ ദിവസം തന്നെ കൊല്ലപ്പെടുവാൻ ദൈവം അവരെ കഠിനമായി ശിക്ഷിച്ചു. മക്കളെ ശിക്ഷിക്കാതെ വളർത്തിയ ഏലി പുരോഹിതനും കിട്ടി ശിക്ഷ. മക്കൾ കൊല്ലപ്പെട്ടു എന്ന വാർത്ത കേട്ട അദ്ദേഹം കസേരയിൽ നിന്ന് പുറകോട്ട് വീണു കഴുത്തൊടിഞ്ഞു മരിച്ചു. ഏലി പുരോഹിതൻ തന്റെ മക്കളെ ശിക്ഷിച്ചു വളർത്തിയിരുന്നെങ്കിൽ അവർ യിസ്രയേലിലെ വലിയ പുരോഹിതന്മാരായി തീരുമായിരുന്നു. പക്ഷെ അന്നത് ചെയ്യാതിരുന്നത് കൊണ്ട് ആ കുടുംബം മുഴുവൻ നശിക്കുവാനിടയായി.

ബാലശിക്ഷയുടെ ഗൗരവം നിങ്ങൾക്ക് മനസ്സിലായിക്കാണുമല്ലോ. ഇനിമുതൽ നിങ്ങളുടെ പപ്പയോ മമ്മിയോ മുതിർന്നവരോ നിങ്ങളെ ശിക്ഷിക്കുമ്പോൾ കരയുന്ന കൂട്ടത്തിൽ നിങ്ങളെ സ്നേഹിക്കുകയും ദൈവകല്പന അനുസരിക്കുകയും ചെയ്യുന്ന നല്ല മാതാപിതാക്കളെ ദൈവം നിങ്ങൾക്ക് തന്നതിന് രഹസ്യമായി ദൈവത്തിന് ഒരു നന്ദി കൂടി പറഞ്ഞേക്കണം.

മിഷണറി സ്റ്റോറി

# സമൂഹത്തെ പരിഷ്ക്കരിച്ച സുവിശേഷ പ്രവർത്തക

# മേരി സ്ലെസർ

**ജനനം: 02.12.1848**
**മരണം: 13.01.1915**




മേരി മിച്ചൽ സ്ലെസർ നൈജീരിയയിലുള്ള ഒരു സ്കോട്ടിഷ് മിഷനറിയായിരുന്നു. അവൾ ഒരു പാവപ്പെട്ട ചെരുപ്പ് നിർമ്മാതാവിന്റെ മകളായി ജനിച്ചു. പ്രതികൂല സാഹചര്യങ്ങളിൽ വളർന്നു. പതിനൊന്നാം വയസ്സിൽ, മേരി തന്റെ കുടുംബത്തിനുവേണ്ടിയും പഠനത്തിനു വേണ്ടിയും ഒരു മില്ലിൽ പാർട്ട് ടൈം ജോലി ചെയ്തു. അവൾ ദൈവഭയത്തിൽ വളർന്നു. ചെറുപ്പത്തിൽ തന്നെ മിഷനറി പ്രവർത്തനത്തിനുള്ള ആഗ്രഹം ഉണ്ടായിരുന്നു. അവൾ ഡണ്ടിയിലെ ഒരു പ്രാദേശിക മിഷനിൽ ചേരുകയും ക്രിസ്തീയ മൂല്യങ്ങൾ വളർത്തിയെടുക്കാൻ ദരിദ്രർക്കിടയിൽ പ്രവർത്തിക്കുകയും ചെയ്തു. ഡേവിഡ് ലിവിംഗ്സ്റ്റണിന്റെ ആഫ്രിക്കയിലെ പ്രവർത്തനങ്ങളിൽ നിന്ന് അവൾ പ്രചോദനം ഉൾക്കൊണ്ടിരുന്നു. ലിവിംഗ്സ്റ്റണിന്റെ മരണ വാർത്ത അറിഞ്ഞപ്പോൾ ആഫ്രിക്കയിലേക്ക് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പിന്തുടരാൻ അവൾ തീരുമാനിച്ചു.

യുണൈറ്റഡ് പ്രെസ്ബിറ്റീരിയൻ ചർച്ച് ഓഫ് സ്കോട്ട്ലൻഡിൽ ഒരു മിഷനറിയായി തീരുവാൻ തീരുമാനിച്ചപ്പോൾ മേരിക്ക് 28 വയസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. എഡിൻബർഗിൽ പരിശീലനം പൂർത്തിയാക്കിയ ശേഷം, മേരി 1876-ൽ നൈജീരിയയിലേക്ക് കപ്പൽ കയറി. നൈജീരിയയിലെ കലബാറിൽ എത്തിയപ്പോൾ, അടിമക്കച്ചവടം, മനുഷ്യക്കടത്ത്, സാമൂഹിക തിന്മകൾ എന്നിവയാൽ അവിടം പ്രശ്നത്തിലായിരുന്നു.

അവൾ അവരുടെ എഫിക് ഭാഷ പഠിക്കുകയും പ്രാദേശിക ആചാരങ്ങളും സംസ്കാരവും മനസിലാക്കുകയും ചെയ്തു. അവൾ സുവിശേഷം പ്രസംഗിക്കുകയും നിരവധി നാട്ടുകാരെ ക്രിസ്തുവിലേക്ക് നയിക്കുകയും ചെയ്തു. അവളുടെ സമർപ്പണം വളരെ ശക്തമായിരുന്നു, ചിലപ്പോൾ രാത്രിവരെയും അവിടുത്തെ വിവിധ പ്രദേശങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. 1888-ൽ, നിരവധി മിഷനറിമാർ കൊല്ലപ്പെട്ട പ്രദേശമായ ഒക്കോയോങ്ങിലേക്ക് അവൾ യാത്ര ചെയ്യുകയും വിജയകരമായി ഒരു മിഷൻ സ്റ്റേഷൻ സ്ഥാപിക്കുകയും ചെയ്തു.

സുവിശേഷ പ്രസംഗത്തിനുപുറമെ, നാട്ടുകാരുടെ മന്ത്രവാദത്തിനും വിജാതീയ ആചാരങ്ങൾക്കും എതിരെ മേരി ശക്തമായി പോരാടി. മേരിക്ക് പോരാടേണ്ടി വന്ന ഏറ്റവും ഭയാനകമായ ആചാരം ഇരട്ട ശിശുഹത്യയാണ്. ഒക്കോയോങ്ങുകൾ ഇരട്ടകളെ ശപിക്കപ്പെട്ടതായി വിശ്വസിക്കുകയും അവരെ ദൈവത്തിന് ബലിയർപ്പിക്കുകയും ചെയ്തു. മേരി അവരോട് അപേക്ഷിക്കുകയും പലപ്പോഴും ഇരട്ടകളെ അവളുടെ വീട്ടിലേക്ക് കൊണ്ടുപോകുകയും ചെയ്തു. അവൾ സ്കൂളുകളും പള്ളികളും നിർമ്മിക്കുകയും സുവിശേഷ വേലയിലേക്ക് യുവജനങ്ങളെ പരിശീലിപ്പിക്കുകയും ചെയ്തു. നൈജീരിയയിലെ ശുശ്രൂഷയിൽ പലപ്പോഴും അവൾക്ക് മലേറിയ ബാധിച്ചു, പക്ഷേ ശുശ്രൂഷയ്ക്ക് മുഖ്യസ്ഥാനം കൊടുത്ത് പ്രവർത്തന സജ്ജമായി. 1915 ജനുവരിയിൽ മലേറിയ ബാധിച്ച് തന്റെ ഇഹലോക ജീവിതത്തോട് വിടപറഞ്ഞു ക്രിസ്തുവിനോട് ചേർന്നു.●




# സമയം വിലപ്പെട്ടതാണ്

***ജിസ്നി ബൈജു, മണ്ണൂർക്കോണം***

ഒരിടത്ത് ആദം എന്നു പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു. അവൻ അല്പം വികൃതിയായിരുന്നു. ക്ലാസ്സിലും കൂട്ടുകാരോടും അവൻ കുസൃതി കാട്ടുമായിരുന്നു. ആദത്തിന്റെ ക്ലാസ്സിൽ കുഞ്ഞാപ്പു എന്നു പേരുള്ള ഒരു കുട്ടിയും ഉണ്ടായിരുന്നു. അവനു അമ്മ മാത്രമേയുള്ളൂ. അവന്റെ ജീവിതം വളരെ കഷ്ടപ്പാട് നിറഞ്ഞത് ആയിരുന്നു. അവൻ ജനനം മുതൽ അരയ്ക്ക് താഴോട്ട് തളർച്ച നിമിത്തം വീൽ ചെയറിൽ ആയിരുന്നു. ഇങ്ങനെയുള്ള കുട്ടിയായതുകൊണ്ട് ക്ലാസിൽ മറ്റുള്ള കുട്ടികൾ അവനെ ഒത്തിരി സ്നേഹത്തോടെയാണ് പെരുമാറിയിരുന്നത്. അവനെ ചികിത്സിച്ച ഡോക്ടർ പറഞ്ഞത് അവന് ആയുസ്സ് അധികം ഇല്ല എന്നാണ്.

ഒരു ദിവസം ആദം കുഞ്ഞാപ്പുവിനോട് വികൃതി കാട്ടി അവനെ വേദനിപ്പിച്ചു. ക്ലാസിലെ പുതുതായി വന്ന കുട്ടി കുഞ്ഞാപ്പുവിന്റെ വൈകല്യം മനസിലാക്കാതെ വീൽ ചെയർ കാണാതെ അവനെ പന്തു കളിയ്ക്കുവാൻ ക്ഷണിച്ചു. എന്നാൽ അത് കേട്ട ആദം അവനെ പരിഹസിച്ചു. 'കാലിന് താഴോട്ട് ഒന്നു അനങ്ങാൻ പോലും കഴിയാത്ത ഇവൻ എങ്ങനെയാണ് പന്തു കളിയ്ക്കുന്നത്.' ഈ വാക്ക് കുഞ്ഞാപ്പുവിനെ തളർത്തിക്കളഞ്ഞു. പക്ഷെ ആദം അത് നിസ്സാരമായി കണ്ടു.

കുഞ്ഞാപ്പുവിന് ദുഃഖം അടക്കാനായില്ല. ഇത് കണ്ടിട്ട് ആദം പ്രത്യേകിച്ചു ഒന്നും തോന്നാത്തവനായി നിലകൊണ്ടു. വീട്ടിലെത്തിയ ആദം അമ്മയോട് ഇക്കാര്യം വിവരിച്ചു. അവനോട് ക്ഷമ പറയുവാൻ അവന്റെ അമ്മ പറഞ്ഞെങ്കിലും അവൻ ക്ലാസിലേക്ക് വരുമല്ലോ അപ്പോൾ പറയാം ക്ഷമയൊക്കെ എന്നു പരിഹാസത്തോടെ പറഞ്ഞു. എന്നാൽ കുഞ്ഞാപ്പു പിന്നീട് ക്ലാസ്സിൽ വന്നില്ല.


അടുത്ത ക്ലാസിൽ കുഞ്ഞാപ്പുവിനെ കാണാഞ്ഞതിൽ ആദം തിരക്കി. രോഗം മൂർച്ഛിച്ച് അവൻ ആശുപത്രിയിലായി എന്നു ടീച്ചർ പറഞ്ഞു. ആശുപത്രിയിൽ ആയെന്ന വിവരം അറിഞ്ഞിട്ടും ആദം അവനെ കണ്ട് ക്ഷമ ചോദിച്ചില്ല.

കുറെ ദിവസം കഴിഞ്ഞപ്പോൾ ആദമിന്റെ അമ്മ അവനോട് കുഞ്ഞാപ്പു മരിച്ച വിവരം അറിയിച്ചു. ആദ്യം അവൻ അതു വിശ്വസിച്ചില്ല. പിന്നീട് സത്യം മനസിലാക്കി. അവൻ കുറേനേരം പൊട്ടിക്കരഞ്ഞു. 'അമ്മേ... ഞാൻ വിചാരിച്ചില്ല. കുഞ്ഞാപ്പു ഇപ്പൊ മരിക്കുമെന്ന്.' കുഞ്ഞാപ്പുവിന് അത്രയും മാരകമായ അസുഖം ആയിരുന്നുവോ? അമ്മ ക്ഷമ പറയുവാൻ പറഞ്ഞെങ്കിലും ഞാൻ അത് കാര്യമാക്കിയില്ലല്ലോ! അവൻ എന്നോട് ക്ഷമിക്കുമോ അമ്മേ... വിങ്ങിപ്പൊട്ടിയ അവനെ ആശ്വസിപ്പിക്കുവാൻ അമ്മ ബുദ്ധിമുട്ടി. 'മോനെ, ഇതാണ് പറഞ്ഞത് സമയം തക്കത്തിൽ ഉപയോഗിക്കണമെന്ന്...'

ആദം അന്ന് മുതൽ അനുസരണമുള്ള കുഞ്ഞായിതീർന്നു. സമയം തക്കത്തിൽ ഉപയോഗിക്കുവാൻ അവൻ ശീലിച്ചു.

*(സംസ്ഥാന താലന്തു പരിശോധനയിൽ കഥാ രചനയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ കൃതി)*


കുങ്ങിണി മീൻ
കിങ്ങിണിപ്പുഴയിലാണ് അഹങ്കാരിയായ കുങ്ങിണി മീൻ താമസിച്ചിരുന്നത് ഒരു ദിവസം പഷിത്തവള ആ വഴി വന്നു.
ഹും.. എന്ത് വൃത്തികേടാ നിന്നെ കാണാൻ.
കുങ്ങിണി കാണുന്നവരെയെല്ലാം കളിയാക്കും..
ഞാനാണ് ഈ പുഴയിലെ ഏറ്റവും സുന്ദരി
അഹങ്കാരി.....
അങ്ങനെയിരിക്കെ ഒരു ദിവസം ഒരു വെള്ളകൊക്ക് അവിടെയെത്തി.
ഇവനെ അകത്താക്കണം..
ഹായ് എന്ത് ഭംഗിയാ ഈ വെളുത്ത കൊക്കമ്മാവൻ.


മത്സ്യപ്പെണ്ണേ നിന്നെ കാണാൻ എത്ര ഭംഗിയാണ്..
നല്ല കൊക്കമ്മാവൻ.
നിന്നെ അടുത്ത് ഒന്നു കാണട്ടെ... ഇങ്ങോട്ട് വാ...
ഇത് കേട്ട താമസം കുഞ്ഞിണി എടുത്ത് ചാടി.
ഹായ്......!
എടുത്തു ചാടിയ കുഞ്ഞിണിയെ കൊത്തിയെടുത്തു കൊക്കമ്മാവൻ പറന്നു.
യ്യോ...
ഇന്നത്തെ കാര്യം കുശാൽ...
അഹങ്കാരം ആപത്ത് വിളിച്ചു വരുത്തും നിശ്ചയം.

# കൗൺസിലറോടു ചോദിക്കാം





# പരീക്ഷാപേടി മാറ്റാൻ...

**ഡോ. സജി കുമാർ കെ. പി., പി. എച്ച്. ഡി**
ക്രിസ്ത്യൻ കൗൺസിലർ, കോട്ടയം

**ചോദ്യം:**

സർ,

ഞാൻ ബോർഡ് എക്സാമിനുവേണ്ടി തയ്യാറെടുത്തുകൊണ്ടിരിക്കുന്ന ഒരു വിദ്യാർത്ഥിയാണ്. ഒന്നു രണ്ടു മാസങ്ങൾക്കുള്ളിൽ പരീക്ഷ വരും. അത് ഓർക്കുമ്പോൾ തന്നെ ടെൻഷനാണ്. എനിക്കുമാത്രമല്ല എന്റെ മിക്ക കൂട്ടുകാർക്കും പരീക്ഷ എന്നത് വല്ലാത്ത മാനസിക പിരിമുറുക്കമാണ്. പരീക്ഷ എന്ന പേടി മാറ്റാൻ ഞാൻ എന്തു ചെയ്യണം?

**ഉത്തരം:** മറ്റൊരു അദ്ധ്യയന വർഷത്തിനൊടുവിലേക്ക് നാം എത്തിയിരിക്കുന്നു. പത്താം ക്ലാസും പ്ലസ് ടു വും പഠിക്കുന്ന കുട്ടികൾ പലരും ധാരാളം പിരിമുറുക്കങ്ങളിലൂടെ പോകുന്ന സമയങ്ങളിലേക്കാണ് പ്രവേശിക്കാൻ പോകുന്നത്. വിദ്യാഭ്യാസ ജിവിതത്തിൽ ആളുകൾ ഏറ്റവും അധികം വെറുക്കുന്നത് പരീക്ഷയെ ആയിരിക്കും. രാവും പകലും ഉറക്കമില്ലാതെ പഠിക്കാൻ ആർക്കാണ് ഇഷ്ടമുള്ളത്? പരീക്ഷയെ സംബന്ധിച്ച് മാനസിക സംഘർഷത്തിലൂടെ പോകുന്നവരെ മനസ്സിലാക്കാൻ പരീക്ഷ എഴുതുന്നവരെ മൂന്നായി തിരിക്കാം. ഒന്നാമത്തെ കൂട്ടർ നന്നായി പഠിക്കുന്നവരാണ്. അവർക്ക് ഏറ്റവും കൂടുതൽ മാനസിക സംഘർഷം ഉണ്ടാക്കുന്ന വസ്തുത നേട്ടങ്ങളിൽ ഊന്നിയ ചിന്താഗതിയാണ്. അവരിൽ ചിലർ എത്തിപ്പിടിക്കാൻ കഴിയുന്നതിലും അപ്പുറത്തെ സ്വപ്നങ്ങൾ വച്ച് പുലർത്തുന്നിടത്ത് സംഘർഷമുണ്ടാവും. ഒന്നാം റാങ്കിൽ കുറഞ്ഞ ഒന്നുകൊണ്ടും തൃപ്തിപ്പെടാൻ കഴിയാതെ വരുമ്പോൾ പ്രശ്നമാകും. രണ്ടാമത്തെ കൂട്ടർ ശരാശരിക്കാരാണ്. അവർ പഠനത്തിലും ടെൻഷനിലും ശരാശരിക്കാരായിരിക്കും. മൂന്നാമത്തെ കൂട്ടർ ഉഴപ്പുകാരാണ്. അവർ പഠിക്കാൻ താത്പര്യം എടുക്കാത്തതുപോലെ ടെൻഷൻ എടുക്കാനും പൊതുവേ താത്പര്യം കാണിക്കാറില്ല. എന്നാൽ അവർ ടെൻഷൻ കൊടുക്കുന്നത് മാതാപിതാക്കൾക്കാണ്. പരീക്ഷാപേടി അകറ്റാനുള്ള പത്ത് കാര്യങ്ങൾ താഴെ കൊടുക്കുന്നു.

1. ക്രമീകൃതമായി പഠിക്കുക. പരീക്ഷ വരുമ്പോൾ മാത്രം പഠിക്കാതെ നേരത്തെ തന്നെ പഠിച്ചുതുടങ്ങുക. പരീക്ഷ അടുക്കുമ്പോൾ പഠിക്കുവാൻ തുടങ്ങിയാൽ വലിയ പർവ്വതംപോലെ പഠിക്കാനുള്ള പാഠങ്ങൾ കൂടിക്കിടക്കും. അതുകാണുമ്പോൾ തന്നെ മാനസിക സംഘർഷങ്ങളും തുടങ്ങും. നേരത്തെതന്നെ കുറെശ്ശെ ക്രമീകൃതമായി പഠിക്കുക.

2. താത്പര്യമുള്ള വിഷയങ്ങൾ മാത്രം കൂടുതൽ സമയം എടുത്തു പഠിക്കാതെ എല്ലാ വിഷയങ്ങൾ പഠിക്കാനും സമയം കണ്ടെത്തുക. അതിനായി ഇന്നുമുതൽ പരീക്ഷ തുടങ്ങുന്ന ദിവസം വരെ ക്രമീകൃതമായി പഠിക്കുക. സമയ പട്ടിക ഉണ്ടാക്കുകയും അത് ഫലവത്തായി പിന്തുടരുകയും ചെയ്യുക.

3. മുൻ വർഷങ്ങളിലെ ചോദ്യപേപ്പർ സംഘടിപ്പിച്ച് എങ്ങനെയുള്ള ചോദ്യങ്ങളാണ് പൊതുവേ ചോദിക്കുന്നത് എന്ന മനസ്സിലാക്കിയെടുക്കുക. അത്തരത്തിൽ മനസ്സിനെ പാകപ്പെടുത്തുമ്പോൾ പരീക്ഷാഹാളിൽ ചോദ്യങ്ങളെ നന്നായി അഭിമുഖീകരിക്കാൻ മാനസിക തയ്യാറെടുപ്പ് ഉണ്ടാകും.

4. ഒരു പ്രാവശ്യം പഠിച്ച പാഠങ്ങൾ ഒരു ആഴ്ചയ്ക്ക് ശേഷം വീണ്ടും റിവിഷൻ നടത്തണം. അല്ലാ എങ്കിൽ പഠിച്ചതുമുഴുവൻ മറന്നു

പോകും. Short term memory യും long term memory യും ഉണ്ട് എന്നറിയാമല്ലോ. നാം പഠിക്കുന്നതെല്ലാം ആദ്യം Short term memory യിലേക്കാണ് ശേഖരിക്കപ്പെടുന്നത്. റിവിഷൻ നടന്നു കഴിയുമ്പോഴേ അത് long term memory യിലേക്ക് കടക്കുകയുള്ളൂ.

5. ഓരോരുത്തർക്കും അവരുടേതായ പഠനസമയങ്ങൾ ഉണ്ട്. ചിലർക്ക് പ്രഭാതത്തിൽ ഇരുന്ന് പഠിച്ചാൽ നന്നായി ഓർമ്മയിൽ നിൽക്കും. എന്നാൽ മറ്റ് ചിലർക്ക് രാത്രിയിൽ പഠിച്ചാലേ ഓർമ്മയിൽ നിൽക്കൂ. അങ്ങനെയുള്ളവർ രാത്രി വൈകി പഠിക്കാൻ ശ്രമിക്കുക. രാവിലെ വൈകി എഴുന്നേൽക്കുക. മറിച്ച് നിങ്ങൾ ഒന്നാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെങ്കിൽ രാത്രി നേരത്തേ ഉറങ്ങിയിട്ട് രാവിലെ നേരത്തേ എഴുന്നേറ്റ് പഠിക്കുക. അങ്ങനെ മാനസിക സംഘർഷം ഒഴിവാക്കാം.

6. പഠനത്തിൽ നിന്ന് ശ്രദ്ധ അകറ്റുന്നവ ഏതൊക്കെയെന്ന് കണ്ടുപിടിക്കുകയും അവയെ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ ഒരു പദ്ധതി തയ്യാറാക്കുകയും ചെയ്യുക. ഉദാഹരണത്തിന് നിങ്ങൾ ടെലിവിഷന് അടിമയാണെങ്കിൽ പരീക്ഷ തീരുന്നതുവരെ വീട്ടിലെ കേബിൾ ബന്ധം വിച്ഛേദിക്കുവാൻ ആവശ്യപ്പെടുക. ഇന്റർനെറ്റിനും മൊബൈൽ ഫോണിനും നിങ്ങൾ അടിമയാണെങ്കിൽ അത് ദിവസത്തിൽ അരമണിക്കൂറിൽ കൂടുതൽ ഉപയോഗിക്കില്ല എന്ന് തീരുമാനിക്കുക. എന്നിട്ട് ആ തീരുമാനം മാതാപിതാക്കളെ അറിയിക്കുക.

7. വ്യക്തിത്വ പ്രശ്നങ്ങൾ പരിഹരിക്കുകയും നല്ല ആത്മവിശ്വാസം വീണ്ടെടുക്കുകയും ചെയ്യുക. പഠിക്കാനിരിക്കുന്നതിന് മുമ്പ് എനിക്ക് ഈ പഠിക്കുന്നത് ഒന്നും മനസ്സിലാവില്ല ഞാൻ തോൽക്കും മറ്റുള്ള ചിലരെ താരതമ്യപ്പെടുത്തി അവരോടൊപ്പം എനിക്ക് ഒരിക്കലും എത്തപ്പെടാൻ കഴിയില്ല എന്നിങ്ങനെയുള്ള ചിന്തകൾ മനസ്സിൽ നിന്നും കളയുക. നല്ല ചിന്തകളും ശുഭപ്രതീക്ഷകളും എല്ലാ ദിവസവും എഴുതി വയ്ക്കുക. അത് കൂടെക്കൂടെ വായിക്കുക. അങ്ങനെ മനസ്സിന് നല്ല ഊർജ്ജം ഉണ്ടാകട്ടെ.

8. ഞാൻ ആരായിത്തീരണം എന്ന ഒരു സ്വപ്നം മനസ്സിൽ താലോലിക്കുക. അത് നിങ്ങൾക്ക് എത്തിപ്പിടിക്കുവാൻ സാധിക്കുന്നത് ആവണം. നിങ്ങളുടെ സ്വഭാവത്തിനും അഭിരുചിക്കും പറ്റിയ ഒരു സ്വപ്നമാവണം അത്. ആ സ്വപ്നത്തിലേക്കുള്ള ചുവടുവയ്പ്പുകൾ എന്ന രീതിയിൽ പഠനത്തെ കാണാൻ നിങ്ങൾക്ക് കഴിയണം. അപ്പോൾ സ്വതവേ പഠിക്കാൻ ഉത്സാഹം ഉണ്ടാകും.



9. സമയത്തെ ഫലപ്രദമായി വിനിയോഗിക്കാൻ പഠിക്കുക. പഠിക്കാൻ വേണ്ടിയുള്ള സമയം പഠിക്കാൻ മാത്രം ഉപയോഗിക്കുക. ആസ്വാദനത്തിനുള്ള സമയം വേറെ കണ്ടെത്തുക. പഠനത്തിൽ ടൈംടേബിൾ പിൻതുടരുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ പരീക്ഷാഹാളിൽ സമയത്തെ വിനിയോഗിക്കുന്നതും അതുപോലെ പ്രധാനപ്പെട്ടതാണ്. അറിയാവുന്ന ഉത്തരങ്ങൾക്ക് അമിതമായ സമയം നൽകുമ്പോൾ ചിന്തിച്ചെഴുതേണ്ടിയ ഉത്തരങ്ങൾക്ക് മതിയായ സമയം ലഭിക്കാതെവരും. അങ്ങനെ സംഭവിക്കരുത്.

10. പിമ്പിലുള്ളത് മറക്കുകയും മുമ്പിലേക്കു നോക്കുകയും ചെയ്യുക. അതായത് നിങ്ങൾ ഈ അദ്ധ്യയന വർഷത്തിൽ ആവശ്യമില്ലാതെ സമയങ്ങൾ മിനക്കെടുത്തി എന്ന കുറ്റബോധം വേട്ടയാടാൻ അനുവദിക്കരുത്. ഒരു പരീക്ഷയ്ക്ക് ആഗ്രഹിച്ചതുപോലെ എഴുതാൻ പറ്റിയില്ല എങ്കിൽ തുടർന്നുവരുന്ന എല്ലാ പരീക്ഷകളെയും ആ നഷ്ടബോധം ബാധിക്കാൻ അനുവദിക്കരുത്.

സർവ്വോപരി പ്രാർത്ഥനയിലും വചനധ്യാനത്തിലും നിങ്ങളെ തന്നെ ദൈവത്തിനായി സമർപ്പിക്കുക. പരീക്ഷയ്ക്കിറങ്ങുമ്പോഴും പരീക്ഷാഹാളിൽ പരീക്ഷ എഴുതി തുടങ്ങുന്നതിനുമുമ്പും പ്രാർത്ഥിക്കണം. പഠിക്കാനിരിക്കുമ്പോൾ പ്രാർത്ഥിക്കണം. ദൈവം നിങ്ങൾക്കായി ഏറ്റവും നല്ലത് കരുതിയിട്ടുണ്ട് എന്ന് വിശ്വസിക്കണം. അങ്ങനെ ഈ പരീക്ഷാകാലം ഒട്ടും ഭയമില്ലാതെ നന്നായി പരീക്ഷ എഴുതുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.



പ്രൊഫ. സജിനി ബ്ലസൻ

**ഇ**ന്റലിജൻസ് കോഷന്റ് IQ, ഇമോഷണൽ കോഷന്റ് EQ ഒക്കെ കൂട്ടുകാർ കേട്ടിരിക്കുമെല്ലോ...

**Intelligence Quotient (IQ)** എന്നത് വ്യക്തിയുടെ ചിന്താശേഷി, വിമർശനബുദ്ധി, പഠനക്ഷമത എന്നിവയുടെ അളവാണ്.

**Emotional Quotient (EQ)** എന്നത് സ്വയംഭാവം നിയന്ത്രിക്കാനും മറ്റുള്ളവരോട് അനുഭാവപൂർവം ഇടപഴകാനും ആവശ്യമായ മനസ്സിന്റെ ശേഷികളെ നിർവചിക്കുന്ന അളവാണ്.

**Spiritual Quotient (SQ)** എന്നത് ആന്തരിക ആത്മീയബോധം, ആഴത്തിലുള്ള മൂല്യശുദ്ധി, വിശ്വാസം എന്നിവയുടെ സമന്വയം നിർണയിക്കുന്ന അളവാണ്.




# പ്രതികൂല സാഹചര്യങ്ങളെ നേരിടാനുള്ള കഴിവ്

## ADVERSITY QUOTIENT (AQ)

**Adversity Quotient (AQ)** എന്നത് പ്രശ്നങ്ങളെയും ദുരിതങ്ങളെയും സഹനശേഷിയോടെയും ചിട്ടയോടെയും അതിജീവിച്ച് വിജയത്തിലേക്ക് മുന്നേറാനുള്ള വ്യക്തിയുടെ മനോവീര്യത്തിന്റെ അളവാണ്.

ഇത് മനസ്സിലാക്കാൻ ഒരു ചെറിയ കഥ പറയാം. ബ്രൂസ് രാജാവിനെയും സ്പൈഡറെയും കുറിച്ചുള്ള ഒരു ചെറിയ പ്രചോദനാത്മക കഥ.

പണ്ട് സ്കോട്ട്ലൻഡിൽ റോബർട്ട് ബ്രൂസ് എന്നൊരു രാജാവുണ്ടായിരുന്നു. ഒരു ദിവസം, ഇംഗ്ലണ്ടിലെ രാജാവ് വലിയ സൈന്യത്തെ സ്കോട്ട്ലൻഡിലേക്ക് നയിക്കുകയും റോബർട്ട് ബ്രൂസിനെ സ്കോട്ട്ലൻഡിൽ നിന്ന് പുറത്താക്കുകയും ചെയ്തു. റോബർട്ട് ബ്രൂസ് രാജാവ് സ്വന്തം രാജ്യം വിട്ടുകൊടുക്കാൻ വിസമ്മതിക്കുകയും ഇംഗ്ലണ്ടിലെ രാജാവുമായി ധീരമായി യുദ്ധം ചെയ്യാൻ ഒരു ചെറിയ സൈനിക സംഘത്തെ ശേഖരിക്കുക




യും ചെയ്തു. ധീരന്മാരുടെ ചെറിയ സൈന്യം ആറ് തവണ യുദ്ധം ചെയ്തെങ്കിലും ആറ് തവണയും പോരാട്ടം പരാജയപ്പെട്ടു. അവസാനം, സ്കോട്ടിഷ് സൈന്യം ചിതറിപ്പോയി. രാജാവിന് ഓടി ഒളിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാൻ കഴിഞ്ഞില്ല. അദ്ദേഹം കാട്ടിലും പർവതങ്ങൾക്കിടയിലെ ഏകാന്ത സ്ഥലങ്ങളിലും ഓടി മറഞ്ഞു. സൈന്യം അവശേഷിച്ചില്ല. അയാൾ തോട്ടത്തിൽ ഒറ്റയ്ക്ക് അലഞ്ഞുനടന്നു, ശോഷിച്ചു, നാൾക്കുനാൾ പ്രതീക്ഷകൾ നഷ്ടപ്പെട്ടു. ഒരു ദിവസം പെട്ടെന്ന് ശക്തമായ മഴ പെയ്യാൻ തുടങ്ങി. ബ്രൂസ് രാജാവ് ശൂന്യമായ ഒരു ഗുഹ കണ്ടെത്തി. അദ്ദേഹം വളരെ ക്ഷീണിതനും ഹൃദയത്തിൽ രോഗിയുമായിരുന്നു. ഇനി ഒന്നും ശ്രമിക്കരുതെന്ന് അയാൾ കരുതി. എല്ലാം നഷ്ടപ്പെട്ടു. തണുത്ത നിലത്ത് രാജാവ് കിടക്കുമ്പോൾ, പെട്ടെന്ന് ഒരു ചിലന്തി ഗുഹയിൽ വല വലിക്കുന്നത് കണ്ടു. ആറു തവണ ശ്രമിച്ച ചിലന്തി പരാജയപ്പെട്ടത് കണ്ടപ്പോൾ രാജാവിന് അതിനോട് അനുകമ്പ തോന്നി. എന്നാൽ അദ്ദേഹത്തെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഏഴാം തവണ ചിലന്തി വീണ്ടും ശ്രമിക്കുകയും വിജയിക്കുകയും ചെയ്തു.

ഇത് കണ്ട് ബ്രൂസ് രാജാവ് ഞെട്ടി. ഈ ചെറിയ ജീവി വീണ്ടും വീണ്ടും ശ്രമിക്കുന്നത് രാജാവിന് പുതിയ പ്രതീക്ഷയും ശക്തിയും നൽകി. രാജാവ് കരഞ്ഞുകൊണ്ട് പറഞ്ഞു, 'ഒരു ചെറിയ ചിലന്തിക്ക് ധൈര്യത്തോടെ അത് ചെയ്യാൻ കഴിയുമെങ്കിൽ, എനിക്ക് അത് ചെയ്യാൻ കഴിയും.' ഇതോടെ വീണ്ടും സൈന്യത്തെ ഉണർത്താൻ രാജാവ് തീരുമാനിച്ചു. മഴ ശമിച്ചപ്പോൾ അദ്ദേഹം ഗുഹയിൽ നിന്ന് പുറത്തിറങ്ങി, 'ഞാൻ ഏഴാം തവണയും ശ്രമിക്കാം' എന്ന് പറഞ്ഞു. സൈന്യത്തെ ശക്തീകരിക്കുകയും യുദ്ധം ചെയ്തു വിജയിക്കുകയും ചെയ്തു.

വിജയിക്കുന്നത് വരെ നമ്മുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ശ്രമിക്കണം, കഠിനമായി ശ്രമിക്കണം എന്നാണു ബ്രസ് രാജാവിന്റെ കഥ പഠിപ്പിക്കുന്നത്.

"AQ" എന്നത് അതിജീവനശേഷിയുടേയും മനസ്സിന്റെ ശക്തിയുടേയും സൂചികയാണ്. നിങ്ങൾക്ക് നേരിടേണ്ട പ്രതിസന്ധികളെ കൈകാര്യം ചെയ്യുന്നതിന്റെ കഴിവിനെ അളക്കുന്നതാണിത്. ഒരു പ്രതിസന്ധിയൊ, തോൽവിയോ വരുമ്പോൾ ചില കൂട്ടുകാർ തൊട്ടാവാടികളാകും, ചിലർ നിരാശയിലാകും, ചിലർ ഓടിയൊളിക്കും. പക്ഷെ മറ്റു ചിലർ ധൈര്യത്തോടെ വീണ്ടും വീണ്ടും ശ്രമിക്കും. അങ്ങനെ ഉള്ളവരാണ് വിജയിക്കുന്നത്.

"Good AQ" - പതറാതെ, വീണാലും വീണ്ടും എഴുന്നേറ്റുപോവാനുള്ള മനോവീര്യം.

പ്രീയപ്പെട്ട കൂട്ടുകാരെ ഒരു പ്രതിസന്ധിയോ പരാജയമോ, പ്രയാസങ്ങളോ വരുമ്പോൾ നിരാശരാവരുത്. ദൈവം അറിയാതെ അല്ല ഈ പ്രതിസന്ധികൾ എന്ന് മനസ്സിലാക്കുക. ഈ പ്രതിസന്ധിയിലും കർത്താവ് കൂടെ ഇരിക്കുന്നു എന്ന് മനസ്സിലാക്കുക.

രഹസ്യത്തിലുള്ള പിതാവിനോട് പറയുക. വിജയിക്കും, എല്ലാം ശരിയാകും എന്ന് സ്വയം പറയുക.

കൂട്ടുകാർ തൊട്ടാവാടികളാകല്ലേ... യേശു അപ്പച്ചൻ എപ്പോഴും കൂടെ ഉണ്ടേ.



# ദുരന്തമുഖത്തെ സഭയുടെ ദൗത്യം

**അനുഗ്രഹ വി.എസ്.**
*കാപ്പാട്*

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ പ്രകൃതി ക്ഷോഭങ്ങൾ വളരെ സർവ സാധാരണമാണ്. എന്നാൽ അടുത്തിടെ സംഭവിച്ച വലിയൊരു ദുരന്തമാണ് വയനാട്ടിൽ സംഭവിച്ചത്. ഒരു പ്രദേശം പൂർണമായും ഒറ്റരാത്രി കൊണ്ട് തൂത്തെറിയപ്പെട്ടു.

വയനാട് ദുരന്തം കേരളത്തെ മൊത്തമായി ഞെട്ടിച്ചു. അപ്രതീക്ഷിതമായി ഉരുൾ പൊട്ടുന്നു. ആ പ്രദേശം മുഴുവൻ പാറക്കല്ലുകൾ കൊണ്ട് നിറയുന്നു. അനേക ജീവനുകൾ പൊലിയുന്നു. രാപ്പകലില്ലാതെ രക്ഷാ പ്രവർത്തനങ്ങൾ... ശരീര ഭാഗങ്ങൾ ചിതറി കിടക്കുന്നു. എത്ര ദയനീയമായ കാഴ്ച്ചകൾ..

കർത്താവ് നമ്മെ പഠിപ്പിച്ചത് അന്യോന്യ സ്നേഹത്തെ പ്രദർശിപ്പിക്കുവാൻ ഈ അവസരം നാം വിനിയോഗിക്കേണമെന്നാണ്.

ഈ അവസരത്തിൽ സഭ ഒന്നാമതായി ചെയ്യേണ്ടത് അവർക്കുവേണ്ടി മനസ്സറിഞ്ഞു പ്രാർത്ഥിക്കുക എന്നുള്ളതാണ്. ഈ എളിയവൻ നിലവിളിച്ചു യഹോവ കേട്ടു സകല കഷ്ടങ്ങളിൽ നിന്നും വിടുവിച്ചു എന്നു ദൈവ വചനം പറയുന്നു.

ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യാം. അവശ്യ സാധനങ്ങളും വസ്ത്രങ്ങളും നൽകാം. ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു ആശ്വാസ വചനങ്ങൾ പങ്കു വയ്ക്കാം. ഇത്തരം സന്ദർഭങ്ങളിലെ സഭയുടെ ഇടപെടൽ ദൈവത്തിന്റെ കരമായി പ്രവർത്തിക്കപ്പെടും. ദുരന്തത്തിന്റെ ആദ്യ ദിനങ്ങളിൽ സമൂഹത്തിന്റെയും മാധ്യമങ്ങളുടെയും സജീവ ശ്രദ്ധ ഉണ്ടായിരിക്കും. എന്നാൽ ചില ആഴ്ചകൾക്കുശേഷം ജനവും മാധ്യമങ്ങളും ഈ ദുരന്ത വാർത്തകളെ മറന്ന് മറ്റ് വാർത്തകളുടെ പുറകെ പോകും. എന്നാൽ അപ്പോഴും ദുരന്തബാധിതർ ക്ലേശകരമായ സാഹചര്യത്തിൽ തുടരുകയാവും. ഈ സമയങ്ങളിൽ നമുക്ക് അവരെ സന്ധിക്കാനും അവരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കാൻ കഴിഞ്ഞാൽ നന്നായിരിക്കും.

2018 ലെ പ്രളയത്തിലും സഭയുടെ ഇടപെടൽ ഉണ്ടായിരുന്നു. ദുരന്തങ്ങൾ സംഭവിക്കുമ്പോൾ ഭവനരഹിതർക്കും എല്ലാം നഷ്ടപ്പെട്ടവർക്കും നമ്മുടെ കരുതൽ വെളിപ്പെടേണം.

ദൈവം നമ്മെ കണ്ടിരിക്കുന്നത് നമ്മുടെ ജീവിതം സുഖപ്രദമാക്കാനല്ല. മറിച്ച് അനേകർക്ക് താങ്ങും തണലുമായി വചനത്തിന്റെ പ്രകാശം അവർക്ക് പകർന്നു കൊടുക്കാനാണ്. ദുരന്തങ്ങൾ ഉണ്ടാകാതിരിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം. പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്ന കർത്താവ് നമുക്കുണ്ട്. പ്രാർത്ഥന തന്നെയാണ് സഭയ്ക്ക് ഓരോ ദുരന്ത ബാധിതർക്കും വേണ്ടി ചെയ്യാവുന്ന ഏറ്റവും വലിയ ദൗത്യം.

അതോടൊപ്പം അവരെ കഴിയുന്നവിധത്തിൽ ഭൗതീക സഹായം ചെയ്യാനും നമുക്ക് കഴിയണം. അതിൽ ആത്മാർത്ഥത ഉണ്ടായിരിക്കണം.

*(സംസ്ഥാന താലന്തു പരിശോധനയിൽ ഉപന്യാസത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ കൃതി)*

# മടി പിടിക്കല്ലേ

ഒരിടത്ത് മഹാ മടിയനായിരുന്ന ഒരു കാക്ക ഉണ്ടായിരുന്നു എങ്ങനെയെങ്കിലും എവിടെ നിന്നെങ്കിലും വല്ല ആഹാരവും കിട്ടുമെന്ന് വച്ചാൽ അവിടെ ചടഞ്ഞിരിക്കും. അങ്ങനെ ഒരു ദിവസം രാവിലെ ഉണർന്നപ്പോൾ മടിയൻ കാക്കയ്ക്ക് ആഹാരം അന്വേഷിക്കാൻ മടി തോന്നി. ചുറ്റും നോക്കിയപ്പോൾ തൊട്ടടുത്ത മാവിൽ ഒരു കണ്ണിമാങ്ങാ കിടക്കുന്നത് കണ്ടു. കാക്കയ്ക്ക് സന്തോഷമായി. മാങ്ങാ പഴുത്തിട്ടില്ല. പക്ഷെ സാരമില്ല. മാങ്ങാ പഴുക്കുന്നതുവരെ കാത്തിരിക്കാം. ഇര തേടിയലയാൻ വയ്യ. അങ്ങനെ കാക്ക മാങ്ങയും നോക്കി തൂങ്ങി ഇരിപ്പായി.

ആ മാവിൽ ഒരു അണ്ണാറക്കണ്ണൻ താമസിച്ചിരുന്നു. അവൻ വിശ്രമമില്ലാതെ മരങ്ങൾ തോറും ഓടി നടന്നു ഭക്ഷണം തേടുകയായിരുന്നു. തൂങ്ങിയിരിക്കുന്ന കാക്കയോട് അവൻ കാര്യമന്വേഷിച്ചു. അപ്പോൾ കാക്ക പറഞ്ഞു... ദാ.. ആ കിടക്കുന്ന മാങ്ങാ പഴുക്കാനായി പ്രാർത്ഥനയോടെ ഞാൻ കാത്തിരിക്കുകയാണ്. അണ്ണാറക്കണ്ണൻ ചിരിച്ചു... ഹിഹിഹിഹി മടിച്ചിക്കാക്കേ ആ മാങ്ങാ പഴുക്കാൻ കുറേ ദിവസമെടുക്കും.. അതുവരെ ഭക്ഷണം കഴിക്കാതിരുന്നാൽ നീ ചത്തു പോവില്ലേ... ഇന്നത്തെ വിശപ്പടക്കാൻ ഇന്നുതന്നെ ഇര തേടി കണ്ടെത്തണം. മടി ഉപേക്ഷിച്ചു വേഗം പോയി തീറ്റ തേടൂ.


കൂട്ടുകാരെ, ജീവിത വിജയത്തിന് പ്രാർത്ഥനയും പ്രയത്നവും വേണം എന്ന് മനസ്സിലായില്ലേ. അതുകൊണ്ട് മടിയൊക്കെ മാറ്റി നമുക്ക് ചെയ്യേണ്ട കാര്യം നമ്മൾ ചെയ്യുക. വിജയം നിങ്ങളോടൊപ്പം ഉണ്ടാവും.



# Time is Precious

**Kripa B. Joy**
Pallippadu

"Timothy!!"His mother screamed waking Timothy from his slumber. "Timothy! I told you to go to the field and take care of the sheep, but oh you won't! Now get your lazy head moving will you !?" Timothy woke up reluctantly as he looked at the clock. "But mom....", Timothy started as his mom cut him off. "No buts. Just get out and start living will you?" Timothy groaned as he raised himself off the bed stretching, yawning, and getting himself ready to go to the herd.When Timothy got there he at first did look after the sheep, but after some time Timothy got distracted when he saw his friends coming that way. "Hey man!" his friend shouted from afar as he waved at him. "Good Afternoon "Timothy said back waving. "What're you up to?" his friend said coming up to him and patting on back. "Ah ,the usual business...sheep herding. It is such a frustrating job... "Timothy said sighing. " You really do need a break from this nasty, tiring job, don't you...?" his friend said snorting with an evil look on his face. "Yeah..."Timothy said, stopping and continuing, "Mom will kill me if she finds out I am being so you know...lazy about this..." "What about a drink at the tyavern..?



"His friend said expectantly. "What!? are you out of your mind,it's such a sinful thing to do...besides even if I did agree my sheep will run away..." Timothy said fidgeting. "Oh come on, live a life! Does'nt it feel like hell not enjoying a little?" His friend replied. "Besides, my servants will take care of the sheep..." he said. "Ah... I don't know but if you say so...alright and guarantee my sheep stays right here. Promise" Timothy believed him not knowing of the danger that's about. The danger that will enshare him, making lose his valuable time with useless worldly things. After when Timothy was drunk, he returned to the herding field and when he reached, passed out onto the grass, as he was drunk. Later, when he woke up with a sober mind, he looked around and saw no sheep. "Oh great heavens, "Timothy said shrieking "No, no, no... what have I done!?" He said weeping now as he knelt to his knees "I just lost my family's only source of income by listening to a traitor...!" He now know that God was the only person that could help him. "Dear Lord, please forgive me.. I am such a sinful person. I just wasted my time on worldly desires!" he said while sobbing "I am such a sinful man. I will use my time for your work only if I get this one last chance! Oh Lord, please" As he was praying a man came upto him "Young man,why are you crying?" The man said "I just lost my sheep!" he said whimpering and crying "Is this your sheep?" the man said as he handed out a leash connecting the sheep. "Oh yes, good sir" As Timothy looked up he saw no one but his sheep. "Praise God for He has done. So I will join the ministry" Just like Timothy we also must not be wasting time but use it wisely for the work of God and for His ministry.

*(The wort won first place in story writing in the state Talent Test)*



പതിവു പോലെ ബസ്സ് കോലങ്ങാട്ട് ബസ്സ് സ്റ്റാന്റിലെത്തി, ബസ്സിന്റെ കിളി ചാപ്ലി അലറി വിളിച്ചു പറഞ്ഞു 'ഓ.. കേറ്.. കേറ്... കോട്ടയം കോട്ടയം,... 'പെട്ടന്ന് കേറമ്മച്ചീ.. കോട്ടയം ഇങ്ങോട്ടു വരത്തില്ല നമ്മൾ അങ്ങോട്ടു പോകണം.' കോട്ടയം കോട്ടയം.....'അങ്ങനെ നമ്മുടെ കുട്ടപ്പൻ ആന്റ് സൺസ് യാത്ര ആരംഭിച്ചു. കുറേ കഴിഞ്ഞപ്പോൾ ബസ്സിന്റെ ടയറിന് ചെറിയൊരഹങ്കാരം ടയർ പറഞ്ഞു . ' നോക്കെടോ.. ഞാനില്ലെങ്കിൽ എങ്ങനെ ഈ ബസ്സ് കോട്ടയത്തെത്തും' അത് കേട്ടപ്പോൾ നമ്മുടെ ബ്രേക്ക് ഉണ്ടോ വിടുന്നു. ബ്രേക്ക് പറഞ്ഞു ' ഞാനില്ലെങ്കിൽ എങ്ങനെ ഈ ബസ്സ് കോട്ടയത്ത് നിർത്തും ഇത് നിർത്തണമെങ്കിൽ ഞാൻ വേണം. ഞാനാ നിന്നേക്കാൾ മിടുക്കൻ !ഇതെല്ലാം കേട്ടുകൊണ്ടിരുന്ന ഡീസൽ ടാങ്ക് പറഞ്ഞു: 'നീയൊക്കെ കിടന്ന് ചിലക്കാതെ ഞാനില്ലെങ്കിൽ നീയൊന്നും ചലിക്കില്ല,' അങ്ങനെ തർക്കം മുത്തപ്പോൾ ഇതെല്ലാം കേട്ടുകൊണ്ടിരുന്ന ബസ്സ് ഡ്രൈവർ ബഞ്ചമിൻ ചേട്ടൻ ബസ്സു നിർത്തി പുറത്തിറങ്ങി ' എന്നാ പിന്നെ നീയൊക്കെക്കൂടി ബസ്സ് കോട്ടയത്ത് എത്തിക്ക് ഞാനെന്റെ പാട്ടിന് പോകുവാ...'


# ഞാനില്ലെങ്കിൽ..



അപ്പോൾ ടയറും, ബ്രേക്കും, ഡീസൽ ടാങ്കും പറഞ്ഞു 'ശരിയാ നമ്മളൊക്കെ ഉണ്ടായിട്ടെന്താ കാര്യം? നമ്മളെ നിയന്ത്രിച്ച് കൊണ്ടു പോകാൻ ഒരു ഡ്രൈവറില്ലെങ്കിൽ ഒരു പ്രയോജനവുമില്ല..! അവർ ഉറക്കെ വിളിച്ചു 'ബഞ്ചമിൻ ചേട്ടാ... പോകരുതേ.. ഞങ്ങളെ നിയന്ത്രിച്ച് കോട്ടയത്ത് എത്തിക്കൂ....!' പിന്നെ അവർ അഹങ്കരിക്കാതെ അവർ സഹകരിച്ച് ഡ്രൈവർ ബഞ്ചമിൻ ചേട്ടൻ ബസ്സിനെ നിയന്ത്രിച്ച്, അവർ കോട്ടയത്തേയ്ക്ക് യാത്രയായി.

കൂട്ടുകാരേ...ഇതുപോലെ ഫലമുളവാകുന്ന ഒരു ക്രിസ്തീയ ജീവിതം നയിക്കുവാൻ ക്രിസ്തു നിയന്ത്രിക്കുന്നവരായി നാം മാറണം. അതിനായി ദൈവം ഓരോരുത്തരേയും സഹായിക്കട്ടെ.

ആർ.ജെ.



# കൊമ്പനാന

ആന ആന കറുമ്പനാന,
കറുമ്പനാന കുറുമ്പനാന,
കുറുമ്പനാന കൊമ്പനാന,
കൊമ്പനാന കാട്ടാന,
കാട്ടാന നാട്ടിലൊരിക്കൽ,
നാട്ടിലൊരിക്കൽ കരിമ്പിൻകാട്ടിൽ,
കരിമ്പിൻകാട്ടിൽ കേറിയൊരാനാ,
കേറിയൊരാനയെ പാട്ടകൊട്ടി,
പാട്ടകൊട്ടി പന്തംക്കെട്ടി,
പന്തംക്കെട്ടി പേടിപ്പിച്ചു,
പേടിപ്പിച്ചു പേടിച്ചോടി,
പേടിച്ചോടി കാട്ടിലെത്തി,
കാട്ടിലെത്തി കറുമ്പനാന,
കറുമ്പനാനകർത്താവിന്റെ
കരത്തിലിന്നും കാത്തിടുന്നു

● ബെന്നി മാത്യു
തിരുവഞ്ചൂർ



# സമ്മാന നന്മ

*പ്രിയ കൂട്ടുകാരെ, നന്മ നിങ്ങളുടെ മുമ്പിൽ എത്തുമ്പോൾ നിങ്ങൾക്ക് സമ്മാനങ്ങൾ ലഭിക്കുന്നു. ഈ കോളത്തിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ ചെയ്താൽ നിങ്ങൾക്ക് സമ്മാനങ്ങൾ ലഭ്യമാണ്.*

## മനസിന്റെ പുറം മനസിന് അപ്പുറം

ഡിസംബറിൽ കോട്ടയത്ത് നടത്തപ്പെട്ട സണ്ടേസ്കൂൾ ക്യാമ്പിൽ പങ്കെടുത്തവർ നിങ്ങൾക്ക് ക്യാമ്പ് എത്രമാത്രം ഗുണപ്രദമായിരുന്നു എന്നതിനുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുക. റിപ്പോർട്ട് ദൃശ്യമായോ രചനയായോ (visual or writing ) നൽകാം. ഏറ്റവും നല്ല റിപ്പോർട്ടുകൾക്ക് സമ്മാനം ഉറപ്പ്.

## കണ്ടെത്തൽ

നിങ്ങൾക്ക് സ്കൂൾ തലത്തിൽ അല്ലെങ്കിൽ സഭാ തലത്തിൽ ലഭിച്ച അംഗീകാരം എന്തെല്ലാം? അവയെ നന്മയിലൂടെ പരിചയപ്പെടുത്താം. എന്തെല്ലാം മേഖലകളിൽ നിങ്ങൾക്ക് തിളക്കം ലഭിച്ചിട്ടുണ്ട്. ദൈവസഭയ്ക്കും അത് പ്രയോജനപ്പെടുത്താം. സംസ്ഥാന സണ്ടേസ്കൂൾ അത് അറിയട്ടെ.. സണ്ടേസ്കൂളിന്റെ മാധ്യമങ്ങളിലൂടെ അവയെ അറിയുന്നത് ഒരു വലിയ സമ്മാനവും അംഗീകാരവും അല്ലേ?

## അറിയാം നിറയാം

പൊതുവിജ്ഞാനത്തിന്റെ ലോകത്തേക്ക് സ്വാഗതം. ഏറ്റവും പുതിയ വർത്തമാന സംഭവങ്ങളുമായി ബന്ധപ്പെട്ട പത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ശരിയുത്തരങ്ങൾ നൽകുന്നവർക്ക് സമ്മാനങ്ങൾ ലഭ്യമാണ്.

1 ഇന്ത്യയിലെ ആദ്യത്തെ എ.ഐ. നഗരം ഏത്?

2. ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ വാണിജ്യ പൈലറ്റായ സമൈറ ഹുള്ളൂരിന്റെ സ്വദേശം?

3. ചൈന പുറത്തിറക്കിയ ലോകത്തിലെ ഏറ്റവും വേഗതയേറിയ റോബോട്ടിന്റെ പേര്?

4. ഇന്ത്യയിലെ ആദ്യത്തെ ഗ്ലാസ് പാലം എവിടെയാണ് സ്ഥാപിച്ചിരിക്കുന്നത്?

5. ഭിന്നശേഷിക്കാർക്കായി കേരള സർക്കാർ ആരംഭിച്ച പുതിയ പദ്ധതിയുടെ പേരെന്താണ്?

6. ഇന്ത്യയിൽ വിമാനങ്ങളിൽ വൈഫൈ സേവനം ആരംഭിച്ച ആദ്യ വിമാനക്കമ്പനി ഏതാണ്?

7. കേരള സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പുതിയ മൊബൈൽ ആപ്ലിക്കേഷൻ ഏതാണ്?

8. വിദേശത്തെ കേസന്വേഷണത്തിനായി കേന്ദ്രസർക്കാർ ആരംഭിച്ച പോർട്ടലിന്റെ പേരെന്ത്?

9. ഐ.എസ്.ആർ.ഒയുടെ ഏത് പദ്ധതിയിലാണ് ബഹിരാകാശത്ത് പയർവിത്ത് മുളപ്പിക്കാൻ സാധിച്ചത്?

10. ലോകത്തിലെ ആദ്യത്തെ തടി ഉപഗ്രഹത്തിന്റെ പേരെന്ത്?

**ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സ് ആപ്പ് നമ്പർ**
**9446253940**

# സമ്മാനം.. സമ്മാനം.

ഇത് നിങ്ങളുടെ പേജാണ്. നിങ്ങൾക്കിഷ്ടമുള്ള കാര്യങ്ങൾ എന്തും ഇവിടെ ചെയ്യാം. കഥയോ, കവിതയോ, ചിത്രം വരയ്ക്കുകയോ, പെയിന്റിംഗ് ചെയ്യുകയോ അങ്ങനെ എന്തും. എന്നിട്ട് ഇതിന്റെ പുറകിലെ താളിൽ കൊടുത്തിരിക്കുന്ന മത്സരത്തിൽ പങ്കെടുക്കൂ. വിജയികൾക്ക് കിടിലൻ സമ്മാനം ഉറപ്പ്! വേഗമാകട്ടെ നിങ്ങളുടെ സൃഷ്ടികൾ **2025 മാർച്ച് 30ന് മുൻപായി** മറുപുറത്തു കൊടുത്തിരിക്കുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

ഈ പേജ് മുറിച്ച് ഞങ്ങൾക്ക് അയച്ചു തരിക.

നന്മ

# പദപ്രശ്നം

**താഴോട്ട്**

1. പൗലോസ് ന്യായപ്രമാണം സംബന്ധിച്ച് ആരാണ്? (4)
2. സകലവും ഉപദേശിച്ചു തരുന്ന കാര്യസ്ഥൻ ആര്? (7)
3. ......കൊണ്ട് നിങ്ങളുടെ പ്രാണനെ നേടും (2)
5. 'പേടമാൻ' എന്ന് അർത്ഥമുള്ള ശിഷ്യ? (3)
8. ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മോസിൽ ആയിരുന്ന ശിഷ്യൻ? (4)
9. ഫിലിപ്പോസിന്റെ ഭാര്യ? (3)
12. ശൗലിന്റെ ഭൃത്യൻ? (2)
14. അങ്കി കീറിയും തലയിൽ മണ്ണു വാരിയിട്ടും കൊണ്ട് ദാവീദിന്റെ അടുക്കൽ ചെന്ന സ്നേഹിതൻ? (3)

**മുകളിലോട്ട്**

7. ശമുവേലിന്റെ അമ്മ? (2)
8. കപ്പലിന്റെ അടിത്തട്ടിൽ കിടന്നുറങ്ങിയ പ്രവാചകൻ? (2)

**വലത്തോട്ട്**

2. എന്ത് സഹിക്കുന്ന മനുഷ്യനാണ് ഭാഗ്യവാൻ? (3)
4. ശിമോൻ എന്ന വ്യക്തി മഹാൻ എന്ന് നടിച്ച് ഏത് ജാതിയെയാണ് ഭ്രമിപ്പിച്ചത്? (3)
5. സമാഗമന കൂടാരത്തിന്റെ പുറംമൂടികളിൽ ഒന്ന് ഇതിന്റെ തോൽ കൊണ്ടുള്ളതാണ്. (3)
6. അഹരോന്റെ പുത്രൻ? (3)
9. യോശുവ കാലേബിന് അവകാശമായി കൊടുത്ത പട്ടണം?(3)
10. മോശയുടെ സഹോദരൻ? (4)
12. ഏത് മരുഭൂമിയിൽ എത്തിയപ്പോഴാണ് മിര്യാം മരിച്ചത്? (2)

**ഇടത്തോട്ട്**

11. ബർത്തിമായിയുടെ പിതാവ്? (3)
13. തിമൊഥെയോസിന്റെ അപ്പൻ ഒരു ------ ആയിരുന്നു. (4)

**പദപ്രശ്നം പൂരിപ്പിച്ച് 2025 മാർച്ച് 30നു മുൻപായി അയച്ചുതരുക. എല്ലാ ഉത്തരവും ശരിയാക്കുന്നവർക്ക് അടിപൊളി സമ്മാനങ്ങൾ കാത്തിരിക്കുന്നു. ഒപ്പം നിങ്ങളുടെ കലാ സൃഷ്ടികളും താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരുക**




**നന്മ മാസിക**
സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റ്
മൗണ്ട് സിയോൻ, മുളക്കുഴ 689 505
**E:** cgisundayschool@gmail.com
**W: www.cogsundayschool.org**

പേര് ........................................ വയസ്സ്..........
അഡ്രസ്സ് ........................................................................
........................................................................................
................................ പിൻ ...............................
ഫോൺ ...............................................................................
ചർച്ച് .................................................................................




**സംസ്ഥാന താലന്ത് പരിശോധനയിൽ**
**ചിത്രരചനാ വിഭാഗത്തിൽ**
**'ഇടയനും ആടുകളും'**
